ഗ്രാമവികസനവകുപ്പ് മുഖേന ഹരിപ്പാട് നിയോജകമണ്ഡലത്തിൽ നടത്തുന്ന വിവിധ പ്രവൃത്തികൾ

132 (3896) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-2004-ൽ ഗ്രാമവികസനവകുപ്പ് മുഖേന ഹരിപ്പാട് നിയോജക മണ്ഡലത്തിൽ വിവിധ കേന്ദ്ര/സംസ്ഥാന ആവിഷ്കൃതങ്ങളായ ഏതെല്ലാം പ്രവൃത്തികളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ ഗ്രാമീണ വികസനപദ്ധതികൾക്കും എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) 2002-2003 വർഷത്തിൽ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ ഗ്രാമീണ വികസന പദ്ധതികൾ ഏതെല്ലാമാണ് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമവികസനവകുപ്പിൽ ബി.ഡി.ഒ.മാരുടെ ഒഴിവുകൾ

133 (3897) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമവികസനവകുപ്പിൽ എത്ര ബി.ഡി.ഒ.മാരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ തസ്തികയിലേക്ക് പ്രൊമോഷൻ വഴി എത്ര ശതമാനം പേരെയാണ് നിയമിക്കുന്നത് ;

(സി) പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേരെ ഇതുവരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 23 ഒഴിവുകൾ നിലവിലുണ്ട്.

(ബി) $33^{1}/_{3}$ ശതമാനം പേരെ.

(സി) ഉണ്ട്.

(ഡി) 63 പേരെ നിയമിച്ചു.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly